9/1/23

30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1850 (5)/2020/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 7946/SIC-G7/2020**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീ. കിരൺ പി.എസ്.,
പുന്നമൺ വീട്, കുന്നുവാരം,
ആറ്റിങ്ങൽ പി.ഒ - 695 101.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഗവൺമെന്റ് ഡയറ്റ് സ്കൂൾ,
ആറ്റിങ്ങൽ, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,
ഗവൺമെന്റ് ഡയറ്റ് സ്കൂൾ,
ആറ്റിങ്ങൽ, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 21.05.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 17.06.2020 |
| ഒന്നാം അപ്പീൽ | 30.06.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 13.07.2020 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 28.07.2020 |
| ഹിയറിംഗ് തീയതി, | 21.11.2022 |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽവാദി | ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, 2015-16 അക്കാദമിക് വർഷം മുതൽ നാളിതുവരെയുള്ള ഓരോ അക്കാദമിക് വർഷവും സൗജന്യ യൂണിഫോം വിതരണത്തിനായി സർക്കാർ ഓരോ വർഷവും അനുവദിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 7 ഇനവിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ

നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരം 21.05.2020 ന് സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി നിരുത്തരവാദപരവും വസ്തുതകൾക്കു നിരക്കാത്തതും ആണെന്നും ആവശ്യപ്പെട്ടിരുന്ന രേഖകൾ ആഡിറ്റിങ്ങിനായി ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ ഹാജരാക്കിയിരിക്കുന്നുവെന്നും അവ തിരികെ ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയതെന്നും ടിയാൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചതിനുശേഷമാണ് രേഖകൾ ഓഡിറ്റിനെന്ന പേരിൽ ഡി.ഇ.ഒ. ഓഫീസിൽ കൊണ്ടുപോയതെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. ശ്രീ.കിരൺ പി.എസ്. വിവരാവകാശ അപേക്ഷ സമർപ്പിച്ച സമയത്ത് കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഡയറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡയറ്റ് ലാബ് സ്കൂൾ എൽ.പി/യു.പി വിഭാഗത്തിൽ പ്പെടുന്നതിനാൽ അദ്ധ്യാപകർ ഹാജരാകേണ്ടതില്ല എന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തുറക്കാത്തതിനാൽ സ്കൂളിൽ സൂക്ഷിച്ചിരുന്ന ഫയലുകൾ ഡയറ്റ് ഓഫീസിലേയ്ക്ക് കൈപ്പറ്റുന്നതിന് താമസം വന്നതിനാലാണ് മറുപടി നൽകുന്നതിന് കാലതാമസം വന്നതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന 2015-16 വർഷം മുതലുള്ള വിവരങ്ങൾ ടി കാലയളവിൽ വിരമിച്ച പ്രിൻസിപ്പാൾമാരുടെ ബാദ്ധ്യത/ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കാര്യാലയവുമായി ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് അക്കാലയളവിലെ ഫയലുകൾ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടി വന്നിരുന്നുവെന്നും 2018 മാർച്ചിൽ ടി കാര്യാലയത്തിൽ നിന്നും വിരമിച്ച പ്രിൻസിപ്പാളിന്റെ ബാദ്ധ്യതയുമായി ബന്ധപ്പെട്ട് പരിശോധനയ്ക്കായി പ്രസ്തുത രേഖകൾ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ 2020 നവംബർ മാസത്തിൽ സമർപ്പിച്ചിരുന്നതിനാലാണ് വിവരം നൽകുവാൻ കഴിയാത്തതെന്നും ഹർജിക്കാരൻ

ആവശ്യപ്പെട്ട പകർപ്പുകൾക്കായി ഫീസ് ഒടുക്കുവാനുള്ള നിർദ്ദേശം 13.07.2020 ന് അപ്പീൽ അധികാരി നൽകിയെങ്കിലും ടിയാൻ ഫീസ് ഒടുക്കാതെ കമ്മീഷനെ സമീപിക്കുകയാണ് ചെയ്തതെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ 21.05.2020 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 17.06.2020 തീയതിയായി എസ്.പി.ഐ.ഒ. നൽകിയ മറുപടി ടിയാൻ ആവശ്യപ്പെട്ട രേഖകൾ അടങ്ങിയ ഫയൽ ഓഡിറ്റിന്റെ ഭാഗമായി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ആയതിനാൽ പകർപ്പുകൾ മടക്കികിട്ടുന്ന. മുറയ്ക്ക് നൽകുന്നതാണെന്നാണ്. എന്നാൽ ഇതേ വിഷയം ആരാഞ്ഞുകൊണ്ട് 29.06.2020 തീയതിയായി ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 02.07.2020 നായി എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ നിന്നും മനസ്സിലാകുന്നത് 10.06.2020 നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സ്കൂളിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് ലഭിച്ചതെന്നാണ്. ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ച സമയത്ത് പ്രസ്തുത രേഖകൾ ഡയറ്റ് സ്കൂളിൽ തന്നെ ഉണ്ടായിരുന്നു. 21.05.2020 നാണ് ഹർജിക്കാരൻ വിവരാവകാശ സമർപ്പിക്കുന്നത്. 10.06.2020 നാണ് ടി രേഖകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് കൈമാറുന്നത്. സ്കൂളിൽ വിവരം ലഭ്യമായിരുന്നിട്ടും ആയത് നൽകാതെ തെറ്റായ മറുപടി ലഭ്യമാക്കിയത് എസ്.പി.ഐ.ഒ. യുടെ ഭാഗത്തു നിന്നുള്ള കടുത്ത നിയമലംഘനമായി കമ്മീഷൻ നിരീക്ഷിക്കുന്നു. മാത്രമല്ല ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സ്കൂളിൽ ലഭ്യമല്ലെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് കൈമാറിയെന്നുമുള്ള മറുപടിയാണ് എസ്.പി.ഐ.ഒ. നൽകിയിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരം അപേക്ഷകർ ആവശ്യപ്പെടുന്ന വിവരം പൊതുഅധികാര സ്ഥാനത്ത് ലഭ്യമല്ലാത്തപക്ഷം പ്രസ്തുത വിവരം ലഭ്യമാകുന്ന അധികാര സ്ഥാനത്തേയ്ക്ക് വിവരാവകാശ നിയമത്തിലെ 6(3) പ്രകാരം അപേക്ഷ കൈപ്പറ്റി 5 ദിവസത്തിനകം കൈമാറേണ്ടതാണ്. വിവരാവകാശ അപേക്ഷയ്ക്ക് മന:പൂർവ്വം തെറ്റായ വിവരം ലഭ്യമാക്കിയതും, 6(3) വകുപ്പ് പ്രകാരം കൈമാറാതിരുന്നതും എസ്.പി.ഐ.ഒ.യുടെ

ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. വിവരാവകാശ നിയമപ്രകാരം ലഭ്യമായ മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീൽ തീർപ്പാക്കിയപ്പോൾ ആവശ്യപ്പെട്ട രേഖകൾക്കായി ഫീസ് ഒടുക്കുവാനുള്ള മറുപടിയാണ് അപ്പീൽഅധികാരി ലഭ്യമാക്കിയത്. വിവരാവകാശ നിയമപ്രകാരം 30 ദിവസത്തിനുള്ളിൽ മറുപടി ലഭ്യമാക്കിയാൽ മാത്രമേ ഫീസ് ഈടാക്കുവാൻ നിർവ്വാഹമുള്ളൂ. മാത്രമല്ല ഫീസ് ഒടുക്കുവാനുള്ള നിർദ്ദേശം നൽകേണ്ട ഉത്തരവാദിത്വം എസ്.പി.ഐ.ഒ.യിൽ മാത്രം നിക്ഷിപ്തമാണ്. എസ്.പി.ഐ.ഒ നൽകിയ മറുപടിയിലെ അപാകതകൾ പരിഹരിക്കുക വിവരം ലഭ്യമാക്കിയില്ലെങ്കിൽ പ്രസ്തുത വിവരം നൽകുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കുക എന്നതാണ് അപ്പീൽഅധികാരിയുടെ കടമ. വിവരാവകാശ നിയമത്തെ ഗൗരവത്തോടെ കാണണമെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപ്പീലുകൾ ജാഗ്രതയോടുകൂടി കൈകാര്യം ചെയ്യേണ്ടതാണെന്നും അപ്പീൽഅധികാരിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ 21.05.2020 തീയതിയായി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭ്യമായതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരുന്ന പകർപ്പുകൾ ഹർജിക്കാരന് സൗജന്യമായി

ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**